പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1850 05.02.2019-ലെ മറുപടിക്ക്

## മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ.എൽദോ എബ്രഹാം

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (എ) | സിവിൽ പണികൾ 80% പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ബിൽ പേമെന്റ് നൽകാത്തത് കാരണം സിവിൽ കോൺട്രാക്ടർ പണി നിർത്തി വച്ചിരിക്കുകയാണ്. ഫയർ ടാങ്കിന്റെ നിർമ്മാണം സിവിൽ കോൺട്രാക്ടർ ചെയ്തു കഴിഞ്ഞാൽ ഉടൻ തന്നെ ഫയർ ഫൈറ്റിംഗ് വർക്ക് തുടങ്ങി കമ്മീഷൻ ചെയ്യാൻ സാധിക്കും. ഇലക്ട്രിഫിക്കേഷൻ വർക്കിന്റെ ഇ-ടെൻഡർ നടപടി പൂർത്തീകരിച്ച് കഴിഞ്ഞു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സിവിൽ ജോലികൾ പൂർത്തീകരിച്ച് അതിന്റെ മെക്കാനിക്കൽ വർക്ക് ടെൻഡർ ചെയ്തു പ്രവൃത്തി ഉടനെ ആരംഭിക്കും. ബസ് സ്റ്റേഷൻ യാർഡിന്റെ പണികൾ 75 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണം പൂർത്തിയാക്കി ഡിപ്പോ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്നും അറിയിക്കാമോ? | (ബി) | മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ